അധ്യായം 99

## അസ്സിൽസാൽ (പ്രകമ്പനം)

അവതരണം. മദീനയിൽ, വചനങ്ങൾ 8

---

**അധ്യായ പരിചയം:**

**മദീനയിൽ അവതരിച്ച അധ്യായമാണിത്. മക്കയിൽ അവതരിച്ചതാണെന്ന് അഭിപ്രായമുള്ളവരും പണ്ഡിതന്മാരിലുണ്ട്. കാരണം, ഈ അധ്യായത്തിൻെറ ശൈലിയും പ്രതിപാദ്യവും മക്കയിൽ അവതരിച്ച അധ്യായങ്ങളെപ്പോലെയാകുന്നു. അതായത്, ഏക ദൈവവിശ്വാസത്തിൻെറ അടിസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട പരലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇതിൻെറ പ്രതിപാദ്യവിഷയം.**

**മൊത്തത്തിൽ മരണവും മരണാനന്തരജിവിതവുമാണ് ഇതിലെ വിഷയങ്ങളെന്ന് സൂചിപ്പിച്ചു. നാല് ഘട്ടങ്ങളായാണ് ഈ അധ്യായം പ്രസ്തുത വിഷയങ്ങളെ വിവരിച്ചത്.**

**ഒന്നു മുതൽ മൂന്ന് വരെയുള്ള ഭാഗങ്ങളിൽ അന്ത്യനാളിൽ ഭൂമിക്കുണ്ടാകുന്ന മാറ്റങ്ങളെയും മനുഷ്യൻെറ പ്രതികരണങ്ങളെയും വിവരിക്കുന്നു. നാല്, അഞ്ച് വചനങ്ങളിൽ മനുഷ്യധാരണക്കതീതമായി ഭൂമിയുടെ അത്ഭുതകരമായ സംസാരത്തെ വിവരിക്കുന്നു. ആറാമത്തെ വചനത്തിൽ പുനരുദ്ധാന നാളിൽ മനുഷ്യൻെറ ഉയിർത്തെഴുന്നേല്പും അവൻെറ വിചാരണയെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. അവസാനത്തെ രണ്ട് വചനങ്ങളിൽ പരലോകമോക്ഷത്തിന് കാരണം മനുഷ്യകർമങ്ങളിലെ നന്മയാണെന്നും ഐഹികജീവിതത്തിൽ പ്രവർത്തിച്ചതഖിലം അവിടെ കാണുമെന്നും വ്യക്തമാക്കിയിരിക്കുന്നു.**

**അർഥം:**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ | ഇതാ സുൽസിലതി | إِذَا زُلْزِلَتِ |
| ഭൂമി | അൽ അർദു | الْأَرْضُ |
| അതിൻെറ പ്രകമ്പനം | സിൽസാലഹാ | زِلْزَالَهَا |
| പുറംതള്ളുകയും ചെയ്താൽ | വഅഖ്റജതി | وَأَخْرَجَتِ |
| ഭൂമി | അൽ അർദു | الْأَرْضُ |
| അതിൻെറ ഭാരങ്ങൾ | അഥ്ഖാലഹാ | أَثْقَالَهَا |
| പറയുകയും ചെയ്താൽ | വഖാല | وَقَالَ |
| മനുഷ്യൻ | അൽ ഇൻസാനു | الْإِنسَانُ |
| അതിന് എന്തു പറ്റിയെന്ന് | മാലഹാ | مَا لَهَا |
| അന്നേ ദിവസം | യൗമഇദിൻ | يَوْمَئِذٍ |
| അത് സംസാരിക്കും | തുഹദ്ദിഥു | تُحَدِّثُ |

| | | |
|---|---|---|
| അതിൻെറ വർത്തമാനങ്ങൾ | അഖ്ബാറഹാ | أَخْبَارَهَا |
| തീർച്ചയായും നിൻെറ നാഥൻ | ബിഅന്ന റബ്ബക | بِأَنَّ رَبَّكَ |
| അതിന് ബോധനം നല്കിയതിനാൽ | ഔഹാ ലഹാ | أَوْحَى لَهَا |
| അന്നേ ദിവസം | യൗമഇദിൻ | يَوْمَئِذٍ |
| ജനം പുറപ്പെടും | യസ്ദുറുന്നാസു | يَصْدُرُ النَّاسُ |
| പല സംഘങ്ങളായിട്ട് | അശ്താതൻ | أَشْتَاتًا |
| അവർ കാണിക്കപ്പെടുന്നതിനു വേണ്ടി | ലിയുറൗ | لِّيُرَوْا |
| അവരുടെ കർമങ്ങൾ | അഅ്മാലഹും | أَعْمَالَهُمْ |
| അപ്പോൾ ആർ പ്രവർത്തിച്ചുവോ | ഫമൻ യഅ്മൽ | فَمَن يَعْمَلْ |
| അണുമണിത്തൂക്കം | മിഥ്ഖാല ദർറത്തിൻ | مِثْقَالَ ذَرَّةٍ |
| നന്മയെ | ഖൈറൻ | خَيْرًا |
| അവനത് കാണും | യറഹു | يَرَهُ |
| ആർ പ്രവർത്തിച്ചുവോ | വമൻ യഅ്മൽ | وَمَن يَعْمَلْ |
| അണുമണിത്തൂക്കം | മിഥ്ഖാല ദർറത്തിൻ | مِثْقَالَ ذَرَّةٍ |
| തിന്മയെ | ശർറൻ | شَرًّا |
| അവനും അത് കാണും | യറഹു | يَرَهُ |

**വചന വിശകലനം:**

إِذَا زُلْزِلَتِ الْأَرْضُ زِلْزَالَهَا **ഇദാ സുൽസിലത്തിൽ അർദു സിൽസാലഹാ**

**ഭൂമി അതിൻെറ വിറ വിറപ്പിക്കപ്പെട്ടാൽ**

അതിശക്തിയായ വിറ, ഇളക്കം, പ്രകമ്പനം എന്നൊക്കെയാണ് സിൽസാൽ എന്ന വാക്കിൻെറ അർഥം. ലോകാവസാനഘട്ടത്തിൽ പ്രപഞ്ചത്തിനുണ്ടാകുന്ന പ്രക്രിയയാണ് ഈ പ്രകമ്പനം. അത് ഭൂമി മുഴുവനും അനുഭവപ്പെടുന്ന സംഭവമായിരിക്കും.

അതിശക്തമായ ഈ പ്രകമ്പനത്തിൻെറ കാഠിന്യം മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ വാക്യത്തോടൊപ്പം സിൽസാലഹാ അതായത്, അതിൻെറ വിറ എന്ന് ചേർത്തത്. ഈ പ്രകമ്പനത്തെപ്പറ്റി ബോധവാന്മാരായിരിക്കണമെന്നും സൂക്ഷിക്കണമെന്നും ഖുർആൻ പ്രത്യേകം ഉണർത്തിയത് കാണാം. അത്രക്കും ഭീകരമായിരിക്കും ആ സംഭവം.

തുടർച്ചയായി അനുഭവപ്പെടുന്ന ഈ പ്രകമ്പനം എപ്പോൾ സംഭവിക്കുന്നതാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ വ്യത്യസ്ത വീക്ഷണക്കാരാണ്. ഭൂമി നശിക്കുന്നതിന് നിമിത്തമാകുന്ന പ്രഥമ പ്രകമ്പനമാണെന്നും അതല്ല, പ്രഥമ പ്രകമ്പനത്തിനു ശേഷം സകലരെയും പുനരുജ്ജീവിപ്പിക്കാനായി സംഭവിക്കുന്ന രണ്ടാം പ്രകമ്പന

മാണെന്നും അഭിപ്രായപ്പെട്ടവരുണ്ട്. ഇതാണ് കൂടുതൽ പ്രബലമായി തോന്നുന്നത്. കാരണം, ഭൂമി മൊത്തത്തിൽ അനുഭവപ്പെടുകയും തന്മൂലം ഭൂമിക്കടിയിലുണ്ടായിരുന്ന സകല വസ്തുക്കളും മുമ്പ് മരിച്ചൊടുങ്ങിയവരും പുറത്തു വരുന്നത് അതിലൂടെയാണെന്നാണ് ഖുർആൻ പ്രസ്താവിച്ചത്.

---

وَأَخْرَجَتِ الْأَرْضُ أَثْقَالَهَا വഅഖ്റജതിൽ അർദു അഥ്ഖാലഹാ

ഭൂമി അതിൻെറ ഭാരം പുറത്തിടുകയും ചെയ്താൽ

---

ഭൂമി ഒന്നടങ്കം പ്രകമ്പനം കൊള്ളുക മാത്രമല്ല ചെയ്യുക. അതോടൊപ്പം അതിനകത്തുണ്ടായിരുന്ന സകല വസ്തുക്കളും മുൻകാലങ്ങളിൽ മണ്ണടിഞ്ഞുപോയവരും ആ പ്രകമ്പനത്തോടെ പുറത്തേക്ക് വരും. ആ തരത്തിലായിരിക്കും ആ പ്രകമ്പനമുണ്ടാകുക.

അഥ്ഖാൽ എന്നതുകൊണ്ട് നിർണിതമായ ഏതെങ്കിലും വസ്തുക്കളല്ല. ഭൂമിയുടെ അന്തർഭാഗത്തുള്ള നിർജീവശരീരാവശിഷ്ടങ്ങളും തകർന്നടിഞ്ഞ നാഗരികതകളുടെ അവശിഷ്ടങ്ങളുമെല്ലാം അതിൽ പെടും.

---

وَقَالَ الْإِنسَانُ مَا لَهَا വഖാലൽ ഇൻസാനും മാലഹാ

അതിന് എന്ത് സംഭവിച്ചുവെന്ന് ജനം ചോദിക്കുകയും ചെയ്യും

---

ഭൂമിയുടെ ഈ അവസ്ഥ കണ്ട് ആളുകൾ ചോദിക്കും: ഭൂമിക്ക് എന്താണ് സംഭവിച്ചത്? അത്രക്കും ഭീകരമായിരിക്കും അന്നത്തെ അവസ്ഥ എന്നർഥം.

ജീവിതകാലത്ത് മനുഷ്യൻ എങ്ങനെയാണോ ഇവിടെ ജീവിച്ചിരുന്നത് അതേ ഘടനയോടുകൂടിയായിരിക്കും അന്ന് ഭൂമിക്കടിയിൽനിന്ന് മുമ്പ് മരിച്ചുമണ്ണടിഞ്ഞവർ പുറത്തേക്ക് വരിക.

മനുഷ്യരെ മാത്രമല്ല അത് പുറംതള്ളുക. മറ്റു വസ്തുക്കളെയും അത് പുറംതള്ളും. മനുഷ്യൻ ലൗകികജീവിതത്തിൽ ഏത് ഭൗതിക വസ്തുക്കൾക്കു വേണ്ടിയാണോ സമയവും ആരോഗ്യവും വ്യയം ചെയ്തിരുന്നത് ആ വിഭവങ്ങൾ ആർക്കും വേണ്ടാത്ത വിധം അന്ന് അവൻെറ മുമ്പിൽ വിതറപ്പെട്ടതായി അവൻ കാണും. അതോടൊപ്പം അതിനുവേണ്ടി ചെയ്തിരുന്ന സകല തെറ്റായ കർമങ്ങളും ഭൂമി വിവരിക്കുകയും ചെയ്യും.

ഇതെല്ലാം കാണുമ്പോൾ മനുഷ്യപ്രകൃതി ചോദിക്കുന്ന ചോദ്യമാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്. ഭൂമിക്ക് എന്താണ് സംഭവിച്ചതെന്ന് മനുഷ്യർ പരസ്പരം തിരക്കും. ജനം എന്നതുകൊണ്ട് പ്രകമ്പനത്തോടെ ഉയിർത്തെഴുന്നേറ്റ എല്ലാ മനുഷ്യരും ഇവിടെ ഉദ്ദേശ്യമാണ്. എന്താണ് സംഭവിച്ചത് എന്ന ഭയമാണ് എല്ലാവരുടെയും മനസ്സുകളിൽ ഉണ്ടാവുക. ഭയം നിമിത്തമാണ് അവൻ അത് ചോദിക്കുക. എന്നാൽ ഈ അമ്പരപ്പും ചോദ്യവും എല്ലാവരിൽനിന്നും ഉണ്ടാകുന്നതല്ല. കാരണം, ജീവിതത്തിൻെറയും ഭൂമിയുടെയും അന്ത്യത്തെപ്പറ്റി കാലാങ്ങളായി പ്രവാചകന്മാരും വേദഗ്രന്ഥവും ഓർമപ്പെടുത്തിയ സംഗതികളിൽ വിശ്വസിക്കുകയും അതിനനുസരിച്ച കർമങ്ങൾ ആചരിക്കുകയും ചെയ്ത ഒരു വിഭാഗം മനുഷ്യരിലുണ്ടല്ലോ. അവർ ന്യൂനപക്ഷമാണെങ്കിലും അവരുടെ ഇക്കാര്യത്തിൽ അവരുടെ സ്വാഭാവികമായ സമീപനവും പ്രതികരണവും ഇതായിരിക്കും: ഇത് അല്ലാഹു വാഗ്ദാനം ചെയ്തതും ദൈവികദൂതന്മാർ സത്യപ്പെടുത്തി ഉണർത്തിയ സംഗതിയുമാകുന്നു. അതുകൊണ്ടു തന്നെ അവരെ സംബന്ധിച്ചിടത്തോളം ഭയത്തിനോ അമ്പരപ്പിനോ നിമിത്തമുണ്ടാകുന്നില്ല. അതേയവസരം അന്ത്യനാളിനെ സംബന്ധിച്ച് യാതൊരു ബോധവുമില്ലാതിരിക്കുകയും അതിനെ കള്ളിക്കളയുകയും നിഷേധിക്കുകയും ചെയ്ത മഹാദൗർഭാഗ്യവാന്മാരാണ് ഇത്തരം ഒരു ചോദ്യം ഉന്നയിക്കുക: ഭൂമിക്കെന്ത് പറ്റി?" ഇത് വേറെയും രീതിയിൽ ചോദിക്കുന്നതായി ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്: ആരാണ് ഞങ്ങളുടെ ഉറക്കസ്ഥാനങ്ങളിൽനിന്ന് ഞങ്ങളെ എഴുന്നേല്പിച്ചത്?" (അധ്യായം യാസീൻ: 52-ാം

വചനം നോക്കുക.) ഈ പുറപ്പാട് പേടിയോടും അമ്പരപ്പോടും കൂടി കാണുക യാഥാർഥ്യത്തെ നിഷേധിച്ചവരും കുറ്റവാളികളും മാത്രമാണ്.

ഈ ഉയിർത്തെഴുന്നേല്പോടെ നിഷേധികളുടെയും വിശ്വാസികളുടെയും രണ്ട് പ്രതികരണങ്ങൾ അവിടെ ഉയരുകയും അതിനനുസരിച്ച അടയാളങ്ങൾ അവരവരുടെ മുഖങ്ങളിൽ പ്രകടമാവുകയും ചെയ്യും.

---

يَوْمَئِذٍ تُحَدِّثُ أَخْبَارَهَا യൗമഇദിൽ തുഹദ്ദിഥു അഖ്ബാറഹാ

അന്നേ ദിവസം അത് അതിൻെറ വൃത്താന്തം അത് പറയും

---

ഭൂമിയുടെ പ്രകമ്പനത്തോടെ മനുഷ്യരും ജീവജാലങ്ങളും പുനരുജ്ജീവിപ്പിക്കപ്പെടുന്ന ആ ദിനത്തിൽ ഭൂമി അതിൻെറ സാക്ഷിവിവരണം ആരംഭിക്കുകയായി. അതിൽ എവിടെയെല്ലാം വെച്ച് ആരെല്ലാം എന്തെല്ലാം എങ്ങനെയൊക്കെ എപ്പോഴെല്ലാം പ്രവർത്തിച്ചു എന്ന് ഒട്ടും ന്യൂനതയില്ലാത്ത വിധം ഭൂമി വെളിപ്പെടുത്തുന്നതാണ്. സ്വന്തം കർമത്തെ എങ്ങനെയൊക്കെ ന്യായീകരിച്ചാലും മറച്ചുപിടിച്ചാലും ഭൂമിയുടെ വെളിപ്പെടുത്തലിൽനിന്ന് ആർക്കും രക്ഷപ്പെടാനാകില്ല. പ്രവാചകൻ തിരുമേനി പ്രസ്താവിച്ചു: ഭൂമിയിൽനിന്ന് രക്ഷപ്പെടാനാകില്ല. കാരണം, നിങ്ങളുടെ അടിവേരാണത്. അതിന്മേൽ പ്രവർത്തിച്ച ആരും പ്രവർത്തിച്ചത് നന്മയോ തിന്മയോ എന്ന് അറിയാതിരിക്കുന്നില്ല."

മനുഷ്യകർമങ്ങൾക്ക് ഭൂമിയുടെ ഓരോ സ്ഥലവും സാക്ഷ്യം വഹിക്കുന്നുണ്ട്. അത് ദൈവികസംവിധാനമാണ്. അന്ത്യനാളിൽ അതിൻെറ പുറത്ത് പ്രവർത്തിക്കപ്പെട്ട സകല പ്രവർത്തനവുമായി അത് ഹാജരാകും എന്ന് പ്രവാചകൻ തിരുമേനി അരുളുകയുണ്ടായി. സർവ ശക്തനായ സ്രഷ്ടാവിന് അക്കാര്യം നടപ്പിൽ വരുത്താൻഒട്ടും പ്രയാസമില്ല.

ഇവിടെ സ്വാഭാവികമായും ഒരു ചോദ്യം ഉന്നയിച്ചേക്കാം. സർവജ്ഞനായ ദൈവത്തിന് എല്ലാവരുടെയും കർമങ്ങൾ മനസ്സിലാക്കാൻ സാധിക്കും. പിന്നെ എന്തിനാണ് ഇങ്ങനെ ഒരു സംവിധാനം?

ദൈവികനീതിയുടെ ഉദാത്തമായ അവസ്ഥയാണത് എന്നാണ് അതിനുള്ള മറുപടി. ഏകദൈവം ആരെയും ശിക്ഷിക്കുന്നത് തികഞ്ഞ തെളിവിൻെറ അടിസ്ഥാനത്തിലായിരിക്കും. ഓരോ മനുഷ്യൻെറയും തെറ്റുകൾ സ്ഥാപിതമാകുമ്പോൾ അയാൾക്കു കൂടി ബോധ്യമാകും വിധത്തിൽ കുറ്റം തെളിയിക്കുകയെന്നതാണ് ദൈവികവിചാരണയുടെ രീതി. അവിടെ യാതൊരു തർക്കത്തിനും പിന്നീട് പഴുത് അവശേഷിക്കുന്നതല്ല. അതിനായി ദൈവം സംവിധാനിച്ച രീതികൾ ഇവയത്രെ:

1 മാന്യരായ മാലാഖമാരാൽ രേഖപ്പെടുത്തി വെയ്ക്കുന്ന കർമപുസ്തകം. അതിൽ ഒരാളുടെ ചെറുതും വലുതുമായ കർമങ്ങളും ചിന്തകളും രേഖപ്പെടുത്തി വെച്ചിട്ടുണ്ടാകും.

2 ഭൗതികലോകത്ത് അവൻ ജീവിക്കാനും പ്രവർത്തിക്കാനും ഉപയോഗപ്പെടുത്തിയിരുന്ന അവൻെറ അവയവങ്ങളുടെ സാക്ഷ്യം. ഓരോ അവയവങ്ങളെക്കൊണ്ടും അവൻ പ്രവർത്തിച്ചത് പ്രസ്തുത അവയവങ്ങൾ അന്ന് വെളിപ്പെടുത്തുന്നതായിരിക്കും.

3 അവൻ ജീവിച്ചിരുന്ന ഭൂമിയുടെ വ്യത്യസ്ത മേഖലകൾ.

4 കർമങ്ങൾ തൂക്കിക്കണക്കാക്കുന്ന ത്രാസ്സുകൾ. അവ അണുത്തൂക്കം പോലും പിഴവില്ലാത്ത വിധം തൂക്കം കാണിക്കുന്നതായിരിക്കും.

ആരുടെ വാക്ക് എങ്ങനേയൊക്കെ നിഷേധിച്ചാലും ഈ മൂന്ന് സംഗതികളുടെയും സാക്ഷ്യം നിഷേധിക്കുവാൻ മനുഷ്യന് സാധിക്കുകയില്ല. അവൻെറ എല്ലാ കുതർക്കവും അവയ്ക്കു മുമ്പിൽ അവസാനിക്കുന്നതും സ്വന്തം സമ്മതിക്കുകയും ചെയ്യുന്നതാണ്. അവയുടെ അടിസ്ഥാനത്തിലായിരിക്കും അവനെ വിചാരണ ചെയ്യുകയും രക്ഷാശിക്ഷകൾ വിധിക്കുകയും ചെയ്യുന്നത്.

---

بِأَنَّ رَبَّكَ أَوْحَى لَهَا ബിഅന്ന റബ്ബക ഔഹാലഹാ

നിൻെറ രക്ഷിതാവ് അതിന് സംസാരിക്കാൻ ബോധനം നല്കിയതിനാൽ

---

ഭൂമി അതിൻെറ അവസ്ഥ വിവരിക്കാൻ കാരണം അതിൻെറ നാഥൻ അതിന് ബോധനം നല്കിയതിനാലാണ്.

ബോധനം കൊണ്ട് അർഥമാക്കുന്നത് പ്രവാചകന്മാർക്ക് നല്കുന്ന തരത്തിലുള്ള തല്ല. ഇതുവരെ മൂകമായിരുന്ന ഭൂമിയുടെ പ്രകൃതിക്ക് വിരുദ്ധമായി ഇപ്പോൾ സംസാരിക്കാനും അതിനകത്തുള്ളതിനെ പുറംതള്ളാനും അനുവാദം നല്കും എന്നാണ്. "നീ സംസാരിക്കുക" എന്ന് സ്രഷ്ടാവ് അതിന് ആജ്ഞ നല്കുകയും അത് സംസാരിച്ചു തുടങ്ങുകയും ചെയ്യും.

ഇതേ രീതിയായിരിക്കും മനുഷ്യരുടെ ശരീരാവയവങ്ങളുടെയും അവസ്ഥ. അന്ന് തനിക്കെതിരെയുള്ള അവയുടെ സംസാരം കേട്ട് വിസ്മയത്തോടെ മനുഷ്യൻ അവയോട് അതെപ്പറ്റി ചോദിക്കുന്നതായിരിക്കും. അവയുടെ മറുപടി ഇതായിരിക്കും: എല്ലാറ്റിനെയും സംസാരിപ്പിച്ച അല്ലാഹുവാണ് ഞങ്ങളെയും സംസാരിപ്പിച്ചത്."

ഭൂമിയുടെ ഈ സംസാരരീതിയും രൂപവും എങ്ങനെയെന്ന് അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. അത് മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രസക്തമായ വിഷയമല്ല. ഭൂമിയുടെയും ശരീരാവയവങ്ങളുടെയും സാക്ഷ്യം തനിക്കനുകൂലമാക്കാ നുള്ള ശ്രമത്തിൽ ഏർപ്പെടുകയാണ് മനുഷ്യന് ചെയ്യാനുള്ളത്.

---

يَوْمَئِذٍ يَصْدُرُ النَّاسُ أَشْتَاتًا لِّيُرَوْا أَعْمَالَهُمْ യൗമഇദിൻ യസ്വ്ദുറുന്നാസു അശാതാതല്ലിയുറൗ അഅ്മാലഹും

അന്നേ ദിവസം തങ്ങളുടെ പ്രവർത്തനങ്ങൾ കാണിക്കപ്പെടുന്നതിനായി ജനം പല സംഘങ്ങളായി പുറപ്പെടും.

---

അന്ന് ജനം വിവിധ സംഘങ്ങളായി പുറപ്പെടുന്നതായിരിക്കും. ഖുർആൻ പലയിടങ്ങളിലായി സൂചിപ്പിച്ച കാര്യം മനുഷ്യർ ആദ്യതവണ സൃഷ്ടിക്കപ്പെട്ടതുപോലെ ഒറ്റപ്പെട്ടവരായി ഉയിർത്തെഴുന്നേല്പിക്കപ്പെടുമെന്നാണ്. അവിടെ ബന്ധങ്ങളും കുടുംബങ്ങളുമൊക്കെ പല വഴിക്ക് ചിതറിപ്പോയിട്ടുണ്ടാകും. എന്നാൽ ഈ ഒറ്റപ്പെട്ട വ്യക്തികൾ കൂട്ടമായി മാറുന്നതാകാം ഇവിടെ സൂചിപ്പിച്ച സംഘങ്ങൾ. അല്ലെങ്കിൽ മുമ്പ് മരിച്ചു മണ്ണടിഞ്ഞ വ്യക്തികൾ ഉയിർത്തെഴുന്നേറ്റ് സംഘങ്ങളായി നടന്നുവരുന്നതുമാകാം. ഏതായാലും ഉയിർത്തെഴുന്നേറ്റ ഉടനെ കേൾക്കുന്ന ശബ്ദത്തിനു നേരെ നടന്നുനീങ്ങുകയായിരിക്കും അപ്പോൾ ആളുകളുടെ അവസ്ഥ. ഉറ്റവരെയും ബന്ധുവിനെയും കുടുംബത്തെയും നോക്കുന്നതിൽ നിന്നോ സ്വന്തം നഗ്നത പോലും ജനം അശ്രദ്ധരായിരിക്കും. അത്രക്കും ഭീതിതമാ യിരിക്കും ആ ഘട്ടം.

ഇവിടെ കർമങ്ങൾ എന്നതുകൊണ്ട് കർമഫലങ്ങളല്ല ഉദ്ദേശിക്കപ്പെട്ടത്, കർമങ്ങൾ മാത്രമാണ്. അതായത്, വിചാരണയുടെ ആദ്യഘട്ടത്തിൽ എല്ലാ നല്ലവരും ചീത്തയുമായ ആളുകൾക്കും അവരുടെ കർമപുസ്തകങ്ങൾ നല്കുകയും അത് വായിക്കാൻ ആവശ്യപ്പെടുകയുമാണല്ലോ ചെയ്യുന്നത്. അതിനോടനുബന്ധിച്ച് നടക്കുന്ന മറ്റു വിസ്താരങ്ങളും പൂർത്തിയായ ശേഷമേ കർമഫലം നടപ്പിലാവുകയുള്ളൂ.

മനുഷ്യരുടെ കർമഫലം അവരെ കാണിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്ന ഘട്ടത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. നല്ലവർ നന്മയെ പിന്തുണച്ചും അല്ലാത്തവർ ചീത്തയെ പിന്തുണച്ചും ചെയ്തിരുന്ന ജീവിതരീതികൾ ഓരോ വ്യക്തിയും കാണുമാറാകും. താൻ ചെയ്തതിൻെറ ഭവിഷ്യത്ത് അവർ ഓരോരുത്തർക്കും വ്യക്തമാകും. ഓരോ മനുഷ്യനും തൻെറ ഭൗതികലോകചുറ്റുപാടിൽ തൻെറ ഇഷ്ടത്തിനും ദേഹേഛക്കും വിധേയമായി ചെയ്ത ചെറുതും വലുതുമായ കാര്യങ്ങളും ചിന്തകൾ പോലും തൻെറ കർമപുസ്തകത്തിൽ രേഖപ്പെടുത്തിവെച്ചതായി അവൻ കാണുന്നു. കൂടാതെ അവയെ യഥാവിധം ഭൂമി വിളിച്ചുപറയുകയും ചെയ്യുന്നുണ്ട്. ഇതിൽപരം തികച്ചും സുരക്ഷിതമായ ഒരു വിചാരണ അവൻ കണ്ടിട്ടില്ല. അത്രക്കും നീതിയുക്തമായാണ് കാര്യങ്ങൾ സജ്ജമാക്കപ്പെട്ടിട്ടുള്ളത്. ആ വിചാരണയുടെ മുന്നോടിയായി തൻെറ കർമങ്ങളിതാ ഒന്നുപോലും വിട്ടുപോകാതെ തൻെറ മുമ്പിൽ

സമർപ്പിച്ചിരിക്കുന്നു. താൻ ചെയ്തുകൂട്ടിയതിലെ തെറ്റും ശരിയും തനിക്ക് സ്വയം ബോധ്യമാകുന്നതിനുള്ള നടപടിയാണിതെന്ന് അവന് മനസ്സിലാകുന്നതാണ്.

---

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ ഫമൻ യഅ്മൽ മിഥ്ഖാല ദർറതിൻ ഖൈറൻ യറഹു

അപ്പോൾ വല്ലവനും അണുമണിത്തൂക്കം നന്മ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവനത് കാണുന്നതാണ്.

وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ വമൻ യഅ്മൽ മിഥ്ഖാല ദർറതിൻ ശർറൻ യറഹു

അണുഅളവ് തിന്മ പ്രവർത്തിച്ചവൻ അതും കാണുന്നതാണ്.

---

പരലോകത്തെ വിചാരണയും രക്ഷാ-ശിക്ഷകളുടെ പ്രതിഫലവും നന്മ-തിന്മകളെ അടിസ്ഥാനമാക്കിയാകുന്നു നിലകൊള്ളുന്നത്. ഖുർആൻ വചനങ്ങളുടെ അടിസ്ഥാനത്തിൽ അവ രണ്ടും -നന്മയും തിന്മയും - ആർ ചെയ്താലും അവർ അതിൻെറതായ പരിണതി അനുഭവിക്കണമെന്നാണ്. അതെത്രതന്നെ ചെറുതായാലും വലുതായാലും ശരി.

അണുമണിത്തൂക്കം എന്നത് വിചാരണയുടെ അടിസ്ഥാനമാകുന്നു. അതായത്, മേൽ ഉദ്ധരിച്ച ഖുർആൻവചനങ്ങളുടെ പദാനുപദതർജമയിൽനിന്ന് വ്യക്തമാകുന്ന വിഷയത്തിൻെറ അടിസ്ഥാനം. ദൈവികകോടതിയിലെ വിചാരണയെയും ദൈവികനീതിയെയും ഇതിൻെറ അടിസ്ഥാനത്തിൽ മാത്രം വ്യാഖ്യാനിച്ചു വിലയിരുത്തിയാൽ ചില പ്രയാസങ്ങൾ നേരിടും. കാരണം, തെറ്റും ശരിയും നന്മയും തിന്മയും സമ്മിശ്രമായി ചെയ്യുന്ന ഒരാൾ അവയിൽ ഓരോന്നിൻെറയും അതിസൂക്ഷ്മമായ പരിമാണത്തിനുള്ള പ്രതിഫലം പോലും അനഭവിക്കണമെന്നത് ദൈവികനീതിക്ക് ചേർന്നതല്ല. അങ്ങനെ വരുമ്പോൾ ദൈവത്തിനിഷ്ടപ്പെട്ട കർമങ്ങൾ ചെയ്ത ഒരാളിൽ സംഭവിച്ച അതിനിസ്സാര കുറ്റത്തിനും അയാൾ ശിക്ഷ അനുഭവിക്കുകയെന്ന അവസ്ഥ നേരിടും. അതേയവസരം കൊടിയ ദൈവനിഷേധിയും താന്തോന്നിയുമായ മനുഷ്യൻ ചെയ്ത അതിനിസ്സാര നന്മയുടെ പ്രതിഫലം അയാൾ അനുഭവിക്കുകയും ചെയ്യും. ഈ രണ്ട് സംഗതിയും അടിസ്ഥാനപരമായി ദൈവികനീതിക്കും പരലോകവിശ്വാസത്തിൻെറ അടിസ്ഥാനത്തിനും വിരുദ്ധമാണ്.

ഇവ്വിഷയകമായി മനസ്സിലാകുന്ന സംഗതിയിതാണ്: പൊറുത്തുകൊടുക്കുക, മാപ്പ് നല്കുക എന്ന ഉത്തമ വികാരങ്ങൾ ദൈവത്തിൻെറ മാത്രം ഗുണങ്ങളാണ്. ഒരാൾ ധാരാളം നന്മ ചെയ്തിട്ടുണ്ടെങ്കിൽ ആ നന്മകളെ മുൻനിറുത്തി അയാളുടെ ലഘു തിന്മകൾ പൊറുത്തുകൊടുക്കുകയത്രെ അല്ലാഹുവിൻെറ നീതി.

നന്മക്കും തിന്മക്കുമുള്ള പ്രതിഫലം നിശ്ചയിക്കുന്നതിൻെറ മാനദണ്ഡവും വ്യത്യസ്തമാണ്. തിന്മയുടെ തോതനുസരിച്ചാണ് അതിനുള്ള ശിക്ഷ നല്കുക. അത് തിന്മയുടെ പരിമാണത്തെക്കാൾ ഒട്ടും കൂടുകയില്ല. നന്മക്കാകട്ടെ, സാഹചര്യവും ഗുണവുമൊക്കെ പരിഗണിച്ച് എഴപതു മുതൽ എഴുനൂറ് ഇരട്ടി വരെ അതിന് പ്രതിഫലം നല്കുന്നതാകുന്നു. അഥവാ, നന്മക്കാണ് മൂല്യം കൂടുതൽ.

കർമങ്ങൾ സ്വീകരിക്കുന്നതിനുള്ള അടിസ്ഥാനം ഏകദൈവവിശ്വാസവും അതിനനുസൃതമായ കർമവുമാകുന്നു. ഈ അടിസ്ഥാനത്തിൽ നിലയുറപ്പിച്ചു ജീവിച്ച ആരുടെ സദ്കർമവും സ്വീകരിക്കപ്പെടുകയെന്നതാണ് ദൈവികനീതിയിൽ പ്രധാനം. അവരുടെ കർമങ്ങളിൽ ഏറ്റവും വലിയ നന്മയെ മുൻനിറുത്തിയായിരിക്കും അവർക്ക് പ്രതിഫലം നല്കുക.

വിശ്വാസത്തിന് വിരുദ്ധമായോ അവിശ്വാസിയായോ ആരെങ്കിലും ഒരു കാര്യം ചെയ്താൽ അത് തെറ്റും ദൈവത്തിങ്കൽ അസ്വീകാര്യവുമായിരിക്കും. പാപം ചെയ്തു ജീവിച്ച ഒരാൾ പശ്ചാത്തപിക്കുകയും സദ്കർമത്തോടെ ജീവിക്കുകയുമാണെങ്കിൽ അയാളുടെ പഴയജീവിതത്തിലെ പാകപ്പിഴവുകൾ അല്ലാഹു പൊറുത്തുകൊടുക്കുകയും അതിന് പകരം നന്മ പ്രദാനം ചെയ്യുന്നതുമാണ്.

ഇവിടെ മനസ്സിലാക്കേണ്ട മറ്റൊരു സംഗതിയിതാണ്: ആർ അണുഅളവ് നന്മ ചെയ്താലും തിന്മ പ്രവർത്തിച്ചാലും അതിൻെറ ഫലം അവൻ കാണും എന്ന് സൂചിപ്പിച്ചത് ജീവിതകാലം മുഴുവൻ നിറഞ്ഞുനില്ക്കുന്ന നീണ്ട ഘട്ടത്തെക്കൂടി ഉൾ

ക്കൊള്ളുന്നുണ്ട്. അതായത്, ഒരാൾ ചെയ്യുന്ന നന്മയുടെ പ്രതിഫലം അയാൾക്ക് ലഭിക്കുന്നത് പരലോകജീവിതത്തിലാണ്. എന്നാൽ അയാളിൽനിന്ന് സംഭവിച്ച തെറ്റുകളുടെ ശിക്ഷയാകട്ടെ, രോഗങ്ങളുടെയും മറ്റു പരീക്ഷണങ്ങളുടെയും രൂപത്തിൽ അയാൾ ഈ ലോകത്തുവെച്ചു തന്നെ അനുഭവിക്കുന്നുണ്ട്. ആ പരീക്ഷണങ്ങളിൽ ക്ഷമിക്കുന്നതിനും പരലോകത്ത് പ്രതിഫലമുണ്ട്. പക്ഷേ, അടിസ്ഥാനം ദൈവിക വിശ്വാസമാകണമെന്നതാണ് പ്രധാനം.

ഈ ലോകത്ത് മനുഷ്യൻെറ സ്ഥാനം ദൈവികപ്രതിനിധിയുടെതാണ്. അവൻ ജീവിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ദൈവത്തിൻെറ നിർദ്ദേശങ്ങൾ മാനിച്ചുകൊണ്ടാണ്. അവൻെറ ജീവിതവും കർമവും തികച്ചും ഔദ്യോഗിക സ്വഭാവമുള്ളതും ഗുരുതരവും ദൈവം സദാ നിരീക്ഷിക്കുന്നതുമാകുന്നു. അവൻ ചെയ്യുന്ന ഓരോ കാര്യവും രേഖപ്പെടുത്തിവെക്കുകയെന്നത് അവനെ പ്രതിനിധിയായി നിശ്ചയിച്ച ദൈവത്തിൻെറ ഉത്തരവാദിത്തമാണ്. അതിന് പ്രതിഫലം നല്കേണ്ടത് ആ അധികാരിയുടെ ചുമതലയാകുന്നു.

പ്രതിനിധിയെന്ന നിലക്ക് മനുഷ്യൻെറ അതിനിസ്സാരമായ കർമങ്ങൾ പോലും അവൻെറ ജീവിത റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ദൈവം അതിന് പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യൻ അതനുഭവിക്കുകയും വേണം. എന്നാൽ കർമങ്ങളിൽ കൂടുതൽ നന്മയാണെങ്കിൽ അത് മുൻനിറുത്തി അവൻെറ തെറ്റുകൾ ദൈവം പൊറുത്തുകൊടുക്കുന്നു. അവൻ ഖേദത്തോടെ "എനിക്ക് പൊറുത്തുതരേണമേ" എന്ന് തൻെറ ദൈവത്തോട് പ്രാർഥിച്ചിട്ടുണ്ടെങ്കിൽ.

വിചാരണ ചെയ്യപ്പെടാതെ ഒരു കർമത്തെയും അല്ലാഹു ഉപേക്ഷിക്കുകയില്ല. എന്നാൽ വിചാരണാസമയത്ത് ഏതാണോ ഭാരം തൂങ്ങിനില്ക്കുന്നത് അതിനനുസരിച്ചായിരിക്കും അവൻെറ പരിണതി നിശ്ചയിക്കപ്പെടുക. അതിനാലാണ് പ്രവാചകൻ തൻെറ ഭാര്യയോട് ഏറ്റവും ലഘുവായ തെറ്റിനെപ്പോലും കരുതിയിരിക്കണം എന്ന് ഉണർത്താൻ കാരണം.